# BSNL EMPLOYEES UNION

BSNLEU

(Regd. under Indian Trade Union Act 1926. Regn. No. 4896)

**KERALA CIRCLE**

**P&T House, Thiruvananthapuram 695001.**

സർക്കുലർ നമ്പർ: 27/2018-2020 തീയതി: 05-12-2018

To

ജില്ലാ സെക്രട്ടറിമാർ, സംസ്ഥാന ഭാരവാഹികൾ

സഖാവെ,

ശമ്പളപരിഷ്കരണം നടപ്പാക്കുക, 4ജി സ്പെക്ട്രം അനുവദിക്കുക തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ച് നിരന്തരം നടത്തിയ പ്രക്ഷോഭങ്ങളുടെ ഫലമായാണ് 24-2-2018 ന് മന്ത്രി ചർച്ചക്ക് തയ്യാറാവുകയും, ജീവനക്കാർ ഉന്നയിച്ചവിഷയങ്ങളിൽ അനുകൂല നില പാട് സ്വീകരിക്കുമെന്ന് ഉറപ്പ് നൽകിയതും. എന്നാൽ ഈ ഉറപ്പുകളിന്മേൽ നടപടി സ്വീ കരിക്കേണ്ട ഡി.ഒ.ടി. നിഷേധാത്മക നിലപാടാണ് തുടർന്ന് സ്വീകരിച്ചത്. ഈ സാഹചര്യ ത്തിലാണ് അനിശ്ചിതകാല പണിമുടക്കിലേക്ക് പോകുവാൻ തീരുമാനിച്ചത്. പണിമുട ക്കുമായി ബന്ധപ്പെട്ട് വലിയതോതിലുള്ള പ്രചരണ പ്രവർത്തനങ്ങൾ രാജ്യവ്യാപകമായി സംഘടിപ്പിച്ചു. അതിന്റെ ഫലമായി പൊതുമേഖലയെ സ്നേഹിക്കുന്നവരുടെയും, പ്രമുഖ കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും, ഇതര തൊഴിലാളി വിഭാഗങ്ങളുടെയും മാത്രമല്ല ദേശീയ മാധ്യമങ്ങളിൽ നിന്നും ലഭിച്ച പിന്തുണ മാനേജ്മെന്റിനെയും, ഡി.ഒ.ടി.യെയും സർക്കാരിനെയും ഇരുത്തിച്ചിന്തിപ്പിച്ചു. അതിന്റെ ഫലമാണ് തുടർന്നു നടന്ന ചർച്ചയും തീരുമാനങ്ങളും.

1. **4ജി സ്പെക്ട്രം അനുവദിക്കൽ**: ബി.എസ്.എൻ.എൽ.ന് 4ജി സ്പെക്ട്രം അനുവ ദിക്കുതിനുള്ള ക്യാബിനറ്റ് നോട്ട് മറ്റ് മന്ത്രാലയങ്ങളുടെ പരിഗണനയ്ക്ക് സമർപ്പിച്ചി രിക്കുകയാണ്. ഡി.ഒ.ടി.യുടെ ഒരുഉന്നത ഉദ്യോഗസ്ഥനെ നിയമിച്ചുകൊണ്ട് മന്ത്രാ ലയങ്ങളുടെ അംഗീകാരം എത്രയും വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീക രിക്കുമെന്നും, അംഗീകാരം ലഭിക്കുന്ന മുറക്ക് തൊട്ടടുത്ത ക്യാബിനറ്റിൽ വയ്ക്കു കയും മന്ത്രിസഭയുടെ അംഗീകാരം നേടിയെടുക്കുകയും ചെയ്യുമെന്ന് മന്ത്രി അറി യിച്ചു. ബി.എസ്.എൻ.എൽ. ന് ഉടൻതന്നെ 4ജി സ്പെക്ട്രം ലഭിക്കുമെന്ന് മന്ത്രി ഉറപ്പ് നൽകി.

2. **ശമ്പളപരിഷ്കരണം:** ബി.എസ്.എൻ.എൽ.ന്റെ സാമ്പത്തിക പ്രതിസന്ധി ചൂണ്ടി ക്കാട്ടി ശമ്പളപരിഷ്കരണം നിഷേധിക്കാനാണ് ഡി.ഒ.ടി. നാളിതുവരെ ശ്രമിച്ചത്. ശമ്പളപരിഷ്കരണംമൂലം ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത കമ്പനിക്ക് താങ്ങാൻ കഴിയില്ല. അതുകൊണ്ട് 15% ഫിറ്റ്മെന്റ് ആനുകൂല്യം തരാൻ കഴിയില്ല നമ്മുടെ നേതാക്കൾ നടത്തിയ ഫലപ്രദമായ ഇടപെടൽ ഈ തീരുമാനത്തിൽ നിന്നും പിന്നോട്ടുപോകുവാൻ ഡി.ഒ.ടി.യെ പ്രേരിപ്പിച്ചു. നോൺ എക്സിക്യൂട്ടീവ് ജീവന ക്കാരുടെ ശമ്പളപരിഷ്കരണ ചർച്ച ആരംഭിച്ച് അന്തിമനിലപാട് സ്വീകരിക്കണമെന്ന ഡി.ഒ.ടി.യുടെ സി.എം.ഡി.ക്കുള്ള നിർദ്ദേശം തന്നെ ശമ്പളപരിഷ്കരണം നിഷേധി ക്കാനാവില്ലെന്നതിന്റെ സൂചനയാണ്. കേബിനറ്റ് നോട്ട് തയ്യാറാക്കാൻ അല്പം

സമയം ആവശ്യമാണെന്ന മന്ത്രിയുടെ നിർദ്ദേശം മുഖവിലക്കെടുക്കാൻ സംഘടനകൾ തയ്യാറായി. ശമ്പളപരിഷ്കരണ വിഷയത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലെന്ന് യൂണിയൻ പ്രതിനിധികൾ അറിയിച്ചിട്ടുണ്ട്.

3. **പെൻഷൻ പരിഷ്കരണം:** ശമ്പളപരിഷ്കരണവും പെൻഷൻ പരിഷ്കരണവും തമ്മിൽ ബന്ധപ്പെടുത്തേണ്ടതില്ലെന്ന സംഘടനകളുടെ തീരുമാനവും അംഗീകരിച്ചു. പെൻഷൻ നൽകുന്നത് കേന്ദ്രസർക്കാരാണ്. അതുകൊണ്ടുതന്നെ പെൻഷൻ പരിഷ്കരണത്തിന് പൊതുമേഖലയ്ക്കുള്ള നിബന്ധനകൾ (അബോർഡബിലിറ്റി) ബി.എസ്.എൻ.എൽ.ന് ബാധകമല്ല.

4. **പെൻഷൻ കോൺട്രിബ്യൂഷൻ:** 2006 മുതൽ എല്ലാ ഡിപ്പാർട്ടുമെന്റിലും പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കുന്നത് യഥാർത്ഥ ശമ്പളത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ഇത് ബി.എസ്.എൻ.എൽ. ന് ബാധകമാക്കിയിരുന്നില്ല. യഥാർത്ഥ ശമ്പളത്തെ അടിസ്ഥാനപ്പെടുത്തി പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. ഈ തീരുമാനം ബി.എസ്.എൻ.എൽ. ന് വളരെ ആശ്വാസമാകും.

5. **ബി.എസ്.എൻ.എൽ. നിയമിക്കപ്പെട്ട ജീവനക്കാരുടെ പ്രശ്നം:** ജീവനക്കാർക്ക് 30% പെൻഷൻ ആനുകൂല്യം നൽകണമെന്ന ആവശ്യവും ബി.എസ്.എൻ.എൽ. മാനേജ്മെന്റ് അംഗീകരിച്ചു. പെൻഷൻ കോൺട്രിബ്യൂഷൻ 2019 മാർച്ചിൽ 3% വർദ്ധിക്കും. തുടർന്ന് 4% വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കും.

6. **സംയുക്ത കൂടിയാലോചനാ വേദി:** മുകളിൽ സൂചിപ്പിച്ച വിഷയങ്ങളിൽ ഉണ്ടായിട്ടുള്ള പുരോഗതി പരിശോധിക്കുവാനും വിലയിരുത്തുന്നതിനും AUAB, BSNL, DOT, എന്നിവർ ചേർന്നുള്ള ഒരു സംവിധാനം (Institutional Mechanism) രൂപീകരിക്കണമെന്ന് മന്ത്രി ഡി.ഒ.ടി. ക്ക് നിർദ്ദേശം നൽകി.

പണിമുടക്ക് ഒത്തുതീർപ്പ് വ്യവസ്ഥകളെ സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ നല്ല രീതിയിലുള്ള പ്രചരണം സംഘടിപ്പിക്കണം. **സംയുക്ത യോഗങ്ങൾ സംഘടിപ്പിച്ച് തീരുമാനങ്ങൾ വിശദീകരിക്കണം.** സംസ്ഥാന ഭാരവാഹികളും ജില്ലാ സെക്രട്ടറിയും മുൻകൈ എടുക്കണം.

**അഖിലേന്ത്യാ സമ്മേളനം:** മൈസൂരിൽ നടക്കുന്ന 9-ാമത് അഖിലേന്ത്യാ സമ്മേളനത്തിൽ പങ്കെടുക്കേണ്ട പ്രതിനിധികളുടെയും നിരീക്ഷകരുടെയും എണ്ണം അഖിലേന്ത്യാ യൂണിയൻ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പങ്കെടുക്കുന്ന പ്രതിനിധികളുടെ എണ്ണം നൽകണമെന്ന് തീരുമാനിച്ചിരുന്നു. ഉടൻ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**പരസ്യം:** അഖിലേന്ത്യാ സമ്മേളന സോവനീയറിലേക്ക് പോസ്റ്റൽ ടെലികോം ബി.എസ്.എൻ.എൽ. സൊസൈറ്റികളുടെ പരസ്യം നൽകണമെന്ന് സംസ്ഥാനകമ്മിറ്റി തീരുമാനിച്ചിരുന്നു. അത് അനുസരിച്ചുള്ള പരസ്യം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**മെമ്പർഷിപ്പ് ക്യാമ്പയിൻ:** 2018 ഡിസംബർ 16 മുതൽ 2019 ജനുവരി 15 വരെ സംഘടനയിലേക്ക് അംഗങ്ങളെ ചേർക്കുവാനുള്ള സമയമാണ്. പരമാവധി മെമ്പർമാരെ സംഘടനയിൽ അംഗങ്ങളാക്കാനുള്ള ഫലപ്രദമായ ഇടപെടൽ നടത്തണം.

അഭിവാദനങ്ങളോടെ,

**സി.സന്തോഷ് കുമാർ,**
സർക്കിൾ സെക്രട്ടറി.